## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ: 3539

25/06/2012 – ൽ മറുപടിയ്ക്ക്

### ആഭ്യന്തര മന്ത്രിയുടെ കണ്ണൂർ ജയിൽ സന്ദർശനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ( ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ആഭ്യന്തര വകുപ്പ് മന്ത്രി കണ്ണൂർ ജയിൽ സന്ദർശിച്ചപ്പോൾ മാധ്യമ പ്രവർത്തകരെ ജയിൽ ബ്ളോക്കുകളിൽ പ്രവേശിപ്പിക്കുകയും ചിത്രങ്ങളെടുക്കാൻ അനുവദിക്കുകയും ചെയ്തതായി വന്നിട്ടുളള വാർത്തയുടെ നിജസ്ഥിതി അറിയിക്കുമോ ; | (എ) ആഭ്യന്തര വകുപ്പു മന്ത്രി 21/05/2012 തീയതിയിൽ കണ്ണൂർ സെൻട്രൽ ജയിൽ സന്ദർശിച്ചപ്പോൾ മാധ്യമ പ്രവർത്തകർ ബ്ളോക്കുകളിൽ പ്രവേശിക്കുകയും ഫോട്ടോകൾ എടുക്കുകയും ചെയ്തിരുന്നു. |
| (ബി) മാധ്യമ പ്രവർത്തകരെ ജയിൽ ബ്ളോക്കുകളിൽ പ്രവേശിപ്പിക്കുന്നതും ചിത്രങ്ങളെടുക്കാൻ അനുവദിക്കുന്നതും ജയിൽ ചട്ടങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (ബി) കേരളാ ജയിൽ ചട്ടങ്ങൾ 1958 ലെ റൂൾ 19 അനുസരിച്ച് മന്ത്രിമാർ, ജയിൽ ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, ജയിൽ സൂപ്രണ്ട് എന്നിവരോടൊപ്പം അനുഗമിക്കുമ്പോഴോ, അവരുടെ രേഖാമൂലമുളള അനുമതിയോടുകൂടി അല്ലാതെ ജയിലിനകത്ത് പ്രവേശിക്കാൻ പാടുളളതല്ല എന്ന് നിഷ്ക്കർഷിച്ചിരിക്കുന്നു. ആഭ്യന്തര വകുപ്പു മന്ത്രി കണ്ണൂർ സെൻട്രൽ ജയിൽ സന്ദർശിച്ചപ്പോൾ മന്ത്രിയുടെയും ജയിൽ സൂപ്രണ്ടിന്റെയും കൂടെയായിരുന്നു മാധ്യമ പ്രവർത്തകർ ബ്ളോക്കുകളിൽ പ്രവേശിച്ചത്. ജയിലിനകത്ത് ഫോട്ടോ എടുക്കുന്നത് സംബന്ധിച്ചും മാധ്യമ പ്രവർത്തകരെ പ്രവേശിപ്പിക്കുന്നത് സംബന്ധിച്ചും ജയിൽ നിയമത്തിൽ പ്രത്യേക പരാമർശങ്ങൾ ഒന്നും തന്നെയില്ല. |

സെക്ഷൻ ഓഫീസർ